# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM9/2580/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/12/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM9/2580/2022 തീയ്യതി: 02/12/2022

## മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-08-2021 മുതൽ 20-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുള്ള.എ.സി , ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

ശ്രീ.മുഹമ്മദ് ഫസലുറഹ്മാൻ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അബ്ദുൽ സലാം.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സക്കീന കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി കെ ബാബുരാജ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. പ്രദീപൻ പി.കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുഹമ്മദ് ഫൈസൽ എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിനിത എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ. സുമേഷ് വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ അബ്ദുൾ നാസർ കെ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സുലോജന കെടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. അജിൽ എ.പി | മെഡിക്കൽ ഓഫീസർ (അലോപതി) | 01-04-2021 | 31-03-2022 |
| ഡോ. അബ്ദുൽ റഫീഖ്. ഒ.പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി. സൈഫുന്നീസ ടി.കെ | കൃഷി ഓഫീസർ | 01-04-2021 | 07-05-2021 |
| ഒഴിവ് | കൃഷി ഓഫീസർ | 08-05-2021 | 09-05-2021 |
| ശ്രീമതി. ടിൻസി ടോം | കൃഷി ഓഫീസർ- ഇൻ-ചാർജജ് | 10-05-2021 | 13-10-2021 |
| ശ്രീമതി.ഹസ്സീന ഹസ്സൻ കുഞ്ഞി | കൃഷി ഓഫീസർ | 14-10-2021 | 31-03-2022 |
| ഡോ.ഇന്ദു കെ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.നൗഷാദ്.കെ.എം. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്ക് അപാകതകൾ | 1-11 |
| 12 | മുൻകൂർ തുക നൽകി - ഉപകരണങ്ങൾ ലഭിച്ചിട്ടില്ല | 1-12 |
| 13 | സാമ്പത്തിക ക്രമക്കേട് - രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. | 1-13 |
| 14 | പത്ര പരസ്യ ചാർജ് - ഡിസ്കൗണ്ട് ലഭിച്ചില്ല | 1-14 |
| 15 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-15 |
| 16 | മുൻകൂർ തുക നൽകി - മരുന്നുകൾ മുഴുവനും ലഭ്യമായില്ല | 1-16 |
| 17 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി-പ്രൊജക്ട് നടത്തിപ്പിൽ അപാകത | 1-17 |
| 18 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - പ്രിന്റർ വാങ്ങാൻ തുക നൽകിയെങ്കിലും നാളിതുവരെ ലഭ്യമായില്ല | 1-18 |
| 19 | അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല | 1-19 |
| 20 | ആയുർവേദ ഡിസ്പൻസറിക്ക് മരുന്ന് - പ്രൊജക്ട് പൂർണ്ണമായില്ല | 1-20 |
| 21 | മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ - കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല | 1-21 |
| 22 | പ്രിന്റർ ലഭ്യമായില്ല- തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-22 |
| 23 | കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-23 |
| 24 | ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല | 1-24 |
| 25 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-25 |
| 26 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ | 1-26 |
| 27 | റോഡ് കോൺക്രീറ്റ് - ഫോം വർക്ക് നടത്താതെ ഫോം വർക്കിനുള്ള പണം നൽകി | 1-27 |
| 28 | കാളപ്പൂട്ട്കണ്ടം മൈലാമ്പ്ര കോളനി റോഡ് പുനരുദ്ധാരണം ( 221/22 ) | 1-27-1 |

| | | |
|---|---|---|
| 29 | ഹിദായ നഗർ കഴിച്ചിക്കാട് റോഡ് പുനരുദ്ധാരണം ( 199/22 ) | 1-27-2 |
| 30 | കുടംപിലാക്കൽ എടക്കാട്ട് ഫുട്പാത്ത് ( 32/22) | 1-27-3 |
| 31 | എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തിക്ക് പണം നൽകി. | 1-28 |
| 32 | ഹരിത കർമ്മസേന - പ്രവർത്തനാവലോകനം | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് കോൺക്രീറ്റ് - ഫോം വർക്ക് നടത്താതെ ഫോം വർക്കിനുള്ള പണം നൽകി | 3-1 |
| 2 | എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തിക്ക് പണം നൽകി. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം 1 (1)/16.2.2021 | തീരുമാനം 1(1)/19.3.2022 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 29.07.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9479073 |
| വരവ് | 74863022 |
| ആകെ | 84342095 |
| ചെലവ് | 73012819 |
| നീക്കിയിരിപ്പ് | 11329276 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 14148800 | 14148800 | 14148800 | 0 |
| പ്ലാൻ (SCP) | 0 | 6840913 | 6840913 | 6343786 | 497127 |
| പ്ലാൻ (TSP) | 0 | 0 | 0 | 0 | 0 |
| CFC (Untied ) | 0 | 2683000 | 2683000 | 2665564 | 17436 |
| CFC (TIED) | 0 | 7691185 | 7691185 | 3827899 | 3863286 |
| റോഡ് (MG) | 0 | 11478000 | 11478000 | 11005286 | 472714 |
| റോഡിതരം (MG) | 0 | 5124747 | 5124747 | 3548239 | 1576508 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 93259245 | 178 | 52861708 | 0 | 38 | 82% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 577518 | 577518 | 575094 | 2424 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27551885 | 27551885 | 27551885 | 0 |
| ആകെ | 0 | 28129403 | 28129403 | 28126979 | 2424 |

### 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5202300 | 3460 |
| വിധവാപെൻഷൻ | 14667500 | 9313 |
| വാർദ്ധക്യകാലപെൻഷൻ | 20926300 | 14266 |
| വികലാംഗപെൻഷൻ | 5404300 | 3443 |
| വിവാഹ ധനസഹായം | 270000 | 9 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 398400 | 252 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2022, 10.30 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1793/-രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. പദ്ധതി ആസൂത്രണത്തിലും ആവിഷ്ക്കാരത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്കാളിത്തം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

3. ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്റ്റ് സമർപ്പണ അന്തിമഘട്ടം വരെയുള്ള എല്ലാ കാര്യങ്ങളിലും ഇടപെട്ട് പദ്ധതി പ്രവർത്തനത്തിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ട വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഇടപെടൽ ഫലപ്രദമാക്കേണ്ടതാണ്.

4. സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

5. ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി കൃഷി ഓഫീസർ ഉപയോഗിച്ച രശീതി ബുക്കിന് കളക്ഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.01 .2022 മുതൽ 15.01 .2022 വരെ | 4/2021മുതൽ 10/2021 വരെ | 17.01.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-12-2016മുതൽ 7-01-2017 വരെ | 2011-12മുതൽ 2015-16വരെ | 27-02-2017 |

## 1-11 വാർഷികകണക്ക് അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (4557155) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (1850203) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. ആസ്തികളുടെ മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. CFC ഇനത്തിലെ വാർഷികകണക്ക് പ്രകാരമുള്ള ചെലവ് തുക (6443235) സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ ചെലവ് തുകയുമായി (6493463) പൊരുത്തപ്പെടുന്നില്ല.

5. വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസമുണ്ട്.

| | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം |
|---|---|---|
| കടിശ്ശിക ഡിമാന്റ്<br>(2020-21 വാർഷിക കണക്ക് B15 പ്രകാരം) | 439595 | 447965 |
| കടിശ്ശിക കളക്ഷൻ | 368882 | 369700 |

6. അക്കൗണ്ട്സ് റൂളിലെ, ചട്ടം 6(5) കുറിപ്പ് പ്രകാരം ഓരോ ദിനാന്ത്യത്തിലും ക്യാഷ് ബുക്കിന്റെയും ബാങ്ക് ബുക്കിന്റെയും പ്രിന്റെടുത്ത് സെക്രട്ടറി ആധികാരികമാക്കേണ്ടതുണ്ട്.ആയത് പാലിച്ചിട്ടില്ല.

7.അക്കൗണ്ട്സ് റൂളിലെ, ചട്ടം 57 ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.ആയത് പാലിച്ചിട്ടില്ല.

8.നിക്ഷേപ പ്രവൃത്തികൾക്ക് പബ്ലിക് വർക്ക് ഡിപ്പാർട്ട്മെന്റിന് നൽകിയ 599625/-രൂപ(2018-19) B-18 നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

9. Total Sanitation Campaign ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുക (B-4)നീക്കിയിരുപ്പുമായി (RP 40(b)) പൊരുത്തപ്പെടുന്നില്ല.

10.സംയുക്ത പദ്ധതി ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുക (B-4) നീക്കിയിരുപ്പുമായി (RP 40(b)) പൊരുത്തപ്പെടുന്നില്ല.

11. B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

| Head Code | ഇനം | 31.03.2022 ലെ നീക്കിയിരുപ്പ് |
|---|---|---|
| 320100121 | ഐ സി ഡി എസ് | 620626 |
| 320200322 | Grant From Suchitha Mission | 1862872 |
| 320300199 | Grants,funds&Contributions For Other Specific Purposes-other Govt Agencies | 624616 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/31-10-22) അപാകതകൾ പരിഹരിക്കാമെന്നറിയിച്ചിട്ടുണ്ട്.

## 1-12 മുൻകൂർ തുക നൽകി - ഉപകരണങ്ങൾ ലഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രൊജക്ടുകൾ പ്രകാരം പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, സ്കാനർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങുന്നതിനായി തുക കെൽട്രോണിന് മുൻകൂർ നൽകിയിട്ടുണ്ട്. നാളിത് വരെ സ്കാനർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ ലഭ്യമായിട്ടില്ല. ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ / പേര് | ഇനം/എണ്ണം | അടങ്കൽ തുക (ഫണ്ട്) | ചെലവ് തുക (വൗച്ചർ നമ്പർ / തിയ്യതി) | പ്രഫോർമ ഇൻവോയ്സ് നമ്പർ / തിയ്യതി |
|---|---|---|---|---|
| 207/22<br>ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ | A3 Network Photostat Machine / 1 | 60,000<br>(തനത് ഫണ്ട്) | 59,805<br>(22100973/17.03.2022) | TVM/ITBG/PI/RC/34578/20-21<br>Dtd: 05.02.2022 |
| 97/22<br>പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ | A3 Scanner / 1 | 2,30,000<br>(തനത് ഫണ്ട്) | 96,949<br>(22100972/17.03.2022) | TVM/ITBG/PI/RC/35979/20-21<br>Dtd: 04.03.2022 |

| | | | | |
|---|---|---|---|---|
| ഉപകരണങ്ങളും വാങ്ങൽ | | | | |

ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 05/27.10.2022) ലഭ്യമാക്കിയ മറുപടിയിൽ ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും, ലഭ്യമായാലുടൻ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്ക് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 സാമ്പത്തിക ക്രമക്കേട് - രേഖകൾ പരിശോധനക്ക് ലഭ്യമായില്ല.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്ററായ ശ്രീമതി റസീന കെ.കെ എന്നവർ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പ്രവൃത്തികളിലെ മെറ്റീരിയൽ പ്രവൃത്തി ബില്ല് തയ്യാറാക്കുന്നതിൽ ക്രമക്കേട് കാണിച്ച് പണാപഹരണം നടത്തിയതിനെത്തുടർന്ന് ടിയാരിയെ സേവനത്തിൽ നിന്ന് നീക്കംചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6 പ്രവൃത്തികളിലായി ₹ 65687 യുടെ ക്രമക്കേടുകൾ കണ്ടെത്തിയതായാണ് പഞ്ചായത്തിലെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ വ്യക്തമായത്. ക്രമക്കേടുകൾ കണ്ടെത്തിയ പ്രവൃത്തി ഫയലുകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാകാത്തതിനാൽ ഓഡിറ്റിന്റെ ഭാഗമായി ഇവ പരിശോധന നടത്താനായിട്ടില്ല.

## 1-14 പത്ര പരസ്യ ചാർജ് - ഡിസ്കൗണ്ട് ലഭിച്ചില്ല

സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവ. ഉത്തരവ് G.O (Rt) No.288/14/I&PRD Dated: 10/09/2014 പ്രകാരം 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നൽകിയ ചുവടെ ചേർക്കുന്ന പരസ്യ ചാർജുകളിൽ സ്ഥാപനത്തിന് ലഭിക്കേണ്ട ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | പത്രത്തിന്റെ പേര് (ഇൻവോയ്സ് നമ്പർ/ തിയ്യതി) | പരസ്യം നൽകിയ തിയ്യതി/വിഷയം | പരസ്യ ചാർജ് | ലഭ്യമാവേണ്ടിയിരുന്ന ഡിസ്കൗണ്ട് 15% (നികുതി ഒഴികെയുള്ള തുകക്ക്) |
|---|---|---|---|---|
| 22100054/27.04.2021 | ദി ഹിന്ദു ദിനപത്രം (1787854/22.01.2021) | 22.01.2021/ 2020-21 വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - ടെണ്ടർ പരസ്യം | 11088 | 1584 (10560 X 15%) |
| 22100750/27.01.2022 | ദി ഹിന്ദു ദിനപത്രം (1895218/30.11.2021) | 30.11.2021/ 2021-22 വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - ടെണ്ടർ പരസ്യം | 9240 | 1320 (8800 X 15%) |
| ആകെ | | | 20328 | 2904 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 07/27.10.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-15 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് പരിധിയിലെ കുടമ്പിലാക്കൽ തിരുവാചോല റോഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രവൃത്തിക്കായി കിഴിശ്ശേരി, കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷനിൽ 24,919/- രൂപ അടവാക്കിയിട്ടുണ്ട്. (വൗച്ചർ നമ്പർ/തിയ്യതി : 22100225/16.07.2021) സെക്രട്ടറിയുടെ തനത് ഫണ്ട് ചെലവിൽ ഉൾപ്പെടുത്തി തുക അടവാക്കിയ മേൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ . 06/27.10.2022) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണവിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-16 മുൻകൂർ തുക നൽകി - മരുന്നുകൾ മുഴുവനം ലഭ്യമായില്ല

2021-22 വർഷത്തിൽ മരുന്നുകൾ വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കും പ്രകാരം തുക തിരുവനന്തപുരം, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ / പേര് | മുൻകൂർ നൽകിയ തുക (പ്രഫോർമ ഇൻവോയ്സ് നമ്പർ) | വൗച്ചർ നമ്പർ / തിയ്യതി | ലഭ്യമായ മരുന്നിന്റെ വിവരം (ഇൻവോയ്സ് നമ്പർ / തുക) | ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക |
|---|---|---|---|---|
| 103/22 പരിരക്ഷ<br>അടങ്കൽ തുക : 7,00,000<br>ഫണ്ട് : വികസന ഫണ്ട് ജനറൽ | 1,34,997 രൂപ (PRF 6422/02.03.2022) | 22101017/10.03.2022 | 11259/17.09.2022 - 31748<br>8407/10.08.2022 - 32549<br>4353/15.06.2022 - 14284<br>10452/05.09.2022 - 6087<br>10623/12.09.2022 - 1672<br>ആകെ - 86,340 | 48,657 രൂപ |
| 100/22 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ തുക : 4,00,000<br>ഫണ്ട് : മെയിന്റനൻസ് ഫണ്ട് - റോഡിതരം | 4,00,000 രൂപ (PRF 4275/21.12.2021) | 22100957/31.12.2021 | 11177/16.09.2022 - 64346<br>4290/14.06.2022 - 33401<br>4740/21.06.2022 - 71306<br>8878/22.08.2022 - 9619<br>ആകെ - 1,78,672 | 2,21,328 രൂപ |
| 102/22 കിഡ്നി കാൻസർ രോഗികൾക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ തുക : 2,00,000<br>ഫണ്ട് : മെയിന്റനൻസ് ഫണ്ട് - റോഡിതരം | 2,00,000 രൂപ (PRF 3731/01.12.2021) 21900894/04.02.2020 | 22100962/31.12.2021 | 3008/27.05.2022 - 40081 | 1,59,919 രൂപ |
| ആകെ ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നിന്റെ തുക | | | | 4,29,904 രൂപ |

മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നമ്പർ 12/ 28.10.2022) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാവാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി-പ്രൊജക്റ്റ് നടത്തിപ്പിൽ അപാകത

1. പ്രൊജക്റ്റ് നമ്പർ, പേര് : 205/22, അനുപൂരക പോഷകാഹാരം (ജനറൽ)

അടങ്കൽ : 1472557

തുക : 1394924(വികസന ഫണ്ട് ജനറൽ - 1394924)

2.പ്രൊജക്റ്റ് നമ്പർ, പേര് :3/ 2022, അനുപൂരക പോഷകാഹാരം (ജനറൽ)

അടങ്കൽ : 4474130

തുക : 3919542, (വികസന ഫണ്ട് ജനറൽ - 1657385, കേന്ദ്രാവിഷ്കൃത ഫണ്ട് - 1600000, ധനകാര്യ കമ്മീഷൻ അവാർഡ് - 662157).

3. പ്രൊജക്റ്റ് നമ്പർ, പേര് : 4/22, അനുപൂരക പോഷകാഹാരം (എസ് സി)

അടങ്കൽ : 300000

തുക : 300000 (വികസന ഫണ്ട് എസ് സി പി )

| ക്രമ നം | ചെലവഴിച്ച തുക | വൗച്ചർനം/ ബിൽ നം |
|---|---|---|
| 1 | 710481/-രൂപ<br>(പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് യൂണിറ്റ്)) | BRN21151052041600814182/20-12-21 |
| 2 | 103005/-രൂപ<br>(പുലരി ന്യൂട്രിമിക്സ് യൂണിറ്റ്,തടപ്പറമ്പ് ) | BRN21151052041600720428/24-11-21 |
| 3 | 45821/-രൂപ ( പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് യൂണിറ്റ്) | BRN2115105204160973481/17-1-22 |
| 4 | 45821/- രൂപ (പുലരി ന്യൂട്രിമിക്സ് യൂണിറ്റ്) | BRN2115105204160973481/17-1-22 |
| 5 | 122502/-രൂപ(പുലരി ന്യൂട്രിമിക്സ് യൂണിറ്റ്) | 22100818/10-2-22. |
| 6 | 101749/-രൂപ(പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് യൂണിറ്റ്) | 22100819/10-02-22 |
| 7 | 34189/-രൂപ(പുലരി ന്യൂട്രിമിക്സ് യൂണിറ്റ്) | 22100819/10-02-22 |
| 8 | 662157/-രൂപ(പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് യൂണിറ്റ്) | 22100840/16-2-22 |
| 9 | 197068/-രൂപ(പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് യൂണിറ്റ്) | 22100993/22-3-22 |
| 10 | 43000/-രൂപ(പുലരി ന്യൂട്രിമിക്സ് യൂണിറ്റ്) | 22100993/22-3-22 |
| 11 | 89775/-രൂപ(അന്നപൂർണ്ണ ന്യൂട്രിമിക്സ് യൂണിറ്റ്) | 22100307/5-8-2021 |
| 12 | 94876/-രൂപ(പ്രശാന്തി ന്യൂട്രിമിക്സ് യൂണിറ്റ്) | 22100307/5-8-2021 |
| 13 | 85312/-രൂപ(പ്രീതി ഐഷ്വര്യ ന്യൂട്രിമിക്സ് യൂണിറ്റ്) | 22100307/5-8-2021 |
| 14 | 1268656/-രൂപ(പ്രീതി ഐഷ്വര്യ ന്യൂട്രിമിക്സ് യൂണിറ്റ്) | Brn21151052041600251713/29-7-21 |
| 15 | 200655/-രൂപ(പുലരി ന്യൂട്രിമിക്സ് യൂണിറ്റ്) | Brn21151052041600251713/29-7-21 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പദ്ധതികളു ടെ ഭാഗമായി പഞ്ചായത്തിലെ വിവിധ അംഗൻവാടികളിൽ വിതരണം ചെയ്ത വിവിധയിനം ന്യൂട്രിമിക്സുകളുടെ വിലയിനത്തിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ മേൽ ചേർത്ത കുടുംബശ്രീയൂനിറ്റുകൾക്ക് തുക നൽകിയിട്ടുണ്ട്. പ്രൊജക്റ്റ് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി

1) ന്യൂട്രിമിക്സ് വിതരണം ചെയ്ത സ്ഥാപനങ്ങളെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത മുകളിൽ പരാമർശിച്ച സ്ഥാപനങ്ങളെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനവുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് കരാർ ചമച്ചിട്ടുമില്ല.

2) ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

പ്രീ സ്കൂൾ കുട്ടികൾ,ഗർഭിണികൾ ,മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കുള്ള പോഷകാഹാരമാണ് ഇതുവഴി വിതരണം ചെയ്യുന്നത്. എന്നാൽ ഇത്തരത്തിൽ വിതരണം ചെയ്ത ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ

ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. മേൽ നിർദ്ദേശപ്രകാരമുള്ള പരിശോധന നടത്തിയിട്ടില്ല. ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നതിനുള്ള സ്ഥാപനത്തെ നിശ്ചയിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നത് വ്യക്തമാക്കേണ്ടതും ഇത്തരത്തിൽ നിശ്ചയിക്കപ്പെട്ട യൂനിറ്റുകൾക്ക് പഞ്ചായത്തുമായി കരാർ ചമക്കുന്നതിന് സർക്കാർ ഇളവുകൾ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. കരാർ ചമക്കുന്നതിൽ നിന്ന് സർക്കാർ ഇളവ് നൽകിയിട്ടില്ല എങ്കിൽ തുടർന്നുള്ള വിതരണത്തിന് സ്ഥാപനവുമായി ഉചിതമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്. കൂടാതെ സർക്കാർ നിർദ്ദേശപ്രകാരമുള്ള ഗുണനിലവാര പരിശോധനകൾ നടത്തിയ ഉത്പന്നങ്ങൾ മാത്രമെ പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നുള്ളൂ എന്നതും ഉറപ്പുവരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (14/29-10-22)മറുപടി ലഭ്യമായിട്ടില്ല.

## 1-18 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - പ്രിന്റർ വാങ്ങാൻ തുക നൽകിയെങ്കിലും നാളിതുവരെ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി പി.എച്ച്.സി യിലേക്ക് പ്രിന്റർ വാങ്ങുന്നതിനായി തുക കെൽട്രോണിന് മുൻകൂർ നൽകിയിട്ടുണ്ട്. നാളിത് വരെ പ്രിന്റർ ലഭ്യമായിട്ടില്ല. ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ / പേര് | ഇനം/എണ്ണം | അടങ്കൽ തുക (ഫണ്ട്) | ചെലവ് തുക (വൗച്ചർ നമ്പർ / തിയ്യതി) | പ്രഫോർമ ഇൻവോയ്സ് നമ്പർ / തിയ്യതി |
|---|---|---|---|---|
| 151/22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | A4 Multi Function Printer / 1 | 8,80,335 (വികസന ഫണ്ട് ജനറൽ) | 20,018 (22100961/20.10.2021) | TVM/ITBG/PI/RC /28639/20-21 Dtd: 09.08.2021 |

പ്രിന്റർ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/28.10.2022) മറുപടി ലഭ്യമാക്കിയില്ല. പ്രിന്റർ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-19 അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല

1. പ്രൊജക്ട് നമ്പർ, പേര് : 205/22, അനുപൂരക പോഷകാഹാരം (ജനറൽ)

അടങ്കൽ : 1472557

തുക : 1394924(വികസന ഫണ്ട് ജനറൽ - 1394924)

2.പ്രൊജക്ട് നമ്പർ, പേര് :3/ 2022, അനുപൂരക പോഷകാഹാരം (ജനറൽ)

അടങ്കൽ : 4474130

തുക : 3919542, (വികസന ഫണ്ട് ജനറൽ - 1657385, കേന്ദ്രാവിഷ്കൃത ഫണ്ട് - 1600000, ധനകാര്യ കമ്മീഷൻ അവാർഡ് - 662157).

3. പ്രൊജക്ട് നമ്പർ, പേര് : 4/22, അനുപൂരക പോഷകാഹാരം (എസ് സി)

അടങ്കൽ : 300000

തുക : 300000 (വികസന ഫണ്ട് എസ് സി പി )

മേൽ പ്രോജക്ടുകൾ പ്രകാരം ന്യൂട്രിമിക്സ് വാങ്ങൽ, മാവേലി സ്റ്റോർ ഭക്ഷ്യധാന്യം വാങ്ങൽ, കടത്ത് കൂലി നൽകൽ,

അംഗൻവാടി കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് ചെലവഴിച്ച തുകകളിൽ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം പ്രീതി ഐശര്യ ന്യൂട്രിമിക്സ്, കുനിയിൽ, പുലരി ന്യൂട്രിമിക്സ് തടപ്പറമ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ന്യൂട്രിമിക്സ്, ഭക്ഷ്യധാന്യം എന്നിവ വാങ്ങിയതിന് യഥാക്രമം 2994671,569834 രൂപ ചെലവഴിച്ചിട്ടുണ്ട്. 2017 ലെ ചരക്ക് സേവന നികുതി നിയമം 51 പ്രകാരം 01.10.2018 മുതൽ നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,000 രൂപയിൽ അധികരിക്കുമ്പോൾ 2% ജി എസ് ടി - ടി ഡി എസ് പിടിക്കേണ്ടതാണ്. എന്നാൽ മേൽ ബില്ലുകൾക്ക് പേയ്മെന്റ് നടത്തിയപ്പോൾ ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ഇൻവോയ്സ് നമ്പർ / തിയ്യതി | തുക | ജി എസ് ടി @ 5% | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി - ടി ഡി എസ് 2% | ബിൽ ,വൗച്ചർ, ചെക്ക് നമ്പർ/തിയ്യതി | സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 40/6-8-2021 | 184170 | 9209 | 3683 | BRN21151052041600814182/ 20-12-21 | പ്രീതി ഐശര്യ ന്യൂട്രിമിക്സ്, കുനിയിൽ |
| 2 | 41/6-8-21, | 93600 | 4680 | 1872 | | |
| 3 | 50/6-9-21, | 89700 | 4485 | 1794 | | |
| 4 | 59/1-10-21, | 60450 | 3023 | 1209 | | |
| 5 | 49/6-9-21, | 220500 | 11025 | 4410 | | |
| 6 | 65/25-10-21 | 26750 | 1338 | 535 | | |
| 7 | 92/1-1-22 | 49250 | 2463 | 985 | BRN2115105204160973481/ 17-1-22 | |
| 8 | 01-01-2022,ലെ നമ്പറില്ലാത്ത ഇൻവോയ്സ് | 62820 | 3141 | 1256 | 22100819/10-02-22 | |
| 9 | 92/1-1-2022 | 49250 | 2463 | 985 | | |
| 10 | 80/30-11-2021 | 35500 | 1775 | 710 | | |
| 11 | 58/1-10-2021, | 179690 | 8985 | 3594 | 22100840/16-2-22 | |
| 12 | 64/25-10-2021, | 84280 | 4214 | 1686 | | |
| 13 | 79/30-11-21, | 180320 | 9016 | 3606 | | |
| 14 | 91/1-1-22 | 192480 | 9624 | 3850 | | |
| 15 | 106/2-2-22 | 172200 | 8610 | 3444 | 22100993/22-3-22 | |
| 16 | 107/2-2-22 | 32381 | 1619 | 648 | | |
| 17 | 8-7-21 ലെ നമ്പറില്ലാത്ത രണ്ട് ഇൻവോയ്സുകൾ | 361810 | 18091 | 7236 | 22100307/5-8-2021 | |
| 18 | 54/28-1-21, | 204820 | 10241 | 4096 | Brn21151052041600251713/ 29-7-21 | |
| 19 | 61/27-2-21, | 203140 | 10157 | 4063 | | |
| 20 | 65/29-3-21, | 175420 | 8771 | 3508 | | |
| 21 | 5/4-5-21, | 154000 | 7700 | 3080 | | |
| 22 | 19/7-6-21, | 182140 | 9107 | 3643 | | |
| | ആകെ | 2994671/-രൂപ | 149735/- | 59893 | | |
| 23 | 32/6-9-2021 | 98100 | 4905 | 1962 | BRN21151052041600720428/ 24-11-21 | പുലരി ന്യൂട്രിമിക്സ് യൂണിറ്റ്,തടപ്പറമ്പ് |
| 24 | 60/30-11-21, | 39750 | 1988 | 795 | BRN2115105204160973481/ 17-1-22 | |
| 25 | 69/30-12-21, | 6071 | 303.55 | 121 | | |
| 26 | 52/29-10-2021 | 37000 | 1850 | 740 | 22100818/10-2-2022 | |
| 27 | 41/30-09-21, | 76200 | 3810 | 1524 | | |
| 28 | ,69/30-12-21 | 43375 | 2169 | 868 | | |
| 29 | 12/27-2-22 | 35238 | 1762 | 705 | 22100819/10-2-2022 | |
| 30 | 4/27-1-22 | 43000 | 2150 | 860 | 22100993/22-3-2022 | |

| | | | | | |
|---|---|---|---|---|---|
| 31 | 12/5-7-21 | 94200 | 4710 | 1884 | Brn2115105204160025 1713/ 29-7-21 |
| 32 | 14/9-7-21 | 96900 | 4845 | 1938 | |
| ആകെ | | 569834/-രൂപ | 28492/-രൂപ | 11397/-രൂപ | |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/ തി: 29.10.2022) മറുപടി ലഭ്യമാക്കിയില്ല. തുക നൽകിയ സ്ഥാപനം ജി എസ് ടി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കി തുക നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 ആയുർവേദ ഡിസ്പൻസറിക്ക് മരുന്ന് - പ്രൊജക്ട് പൂർണ്ണമായില്ല

നിർവഹണം : മെഡിക്കൽ ഓഫീസർ (ആയുർവേദ) മുതുവല്ലൂർ

2021-22 വർഷത്തിൽ മരുന്നുകൾ വാങ്ങുന്നതിനായി ചുവടെ ചേർക്കും പ്രകാരം തുക ഔഷധിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ / പേര് | മുൻകൂർ നൽകിയ തുക (പ്രഫോർമ ഇൻവോയ്സ് നമ്പർ) | ബിൽ നമ്പർ / തിയ്യതി | ലഭ്യമായ മരുന്നിന്റെ വിവരം (ഇൻവോയ്സ് നമ്പർ / തുക) | ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക |
|---|---|---|---|---|
| 114/22 ആയുർവേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ തുക : 9,00,000<br>ഫണ്ട് : മെയിന്റനൻസ് ഫണ്ട് - റോഡിതരം | 4,00,000 രൂപ (151976/12.02.2022) | 63/09.03.2022 | 90260035/08.06.2022 - 188434<br>90263169/30.06.2022 - 56033<br>90266527/29.07.2022 - 98588<br>90270520/30.08.2022 - 39555<br>ആകെ - 3,82,610 | 17,390 രൂപ |

മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 13/28.10.2022) നൽകിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കാൻ ഔഷധിയിൽ ബന്ധപ്പെട്ടിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ - കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രൊജക്ട് പ്രകാരം മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി തുക കെൽട്രോണിന് മുൻകൂർ നൽകിയിട്ടുണ്ട്. നാളിത് വരെ കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ / പേര് | ഇനം/എണ്ണം | അടങ്കൽ തുക (ഫണ്ട്) | ചെലവ് തുക (ബിൽ നമ്പർ / തിയ്യതി) | പ്രഫോർമ ഇൻവോയ്സ് നമ്പർ / തിയ്യതി |
|---|---|---|---|---|
| 53/22 മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ | Desktop Computer / 1 | 30,004 (MG NR) | 30,004 (05/15.01.2022) | TVM/ITBG/PI/RC/32137 /20-21 Dtd: 17.11.2021 |

കമ്പ്യൂട്ടർ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/27.10.2022) മറുപടി ലഭ്യമാക്കിയില്ല. കമ്പ്യൂട്ടർ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 പ്രിന്റർ ലഭ്യമായില്ല- തുടർനടപടി സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ബഡ്സ് സ്കൂളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം ബഡ്സ് സ്കൂളിലേക്ക് പ്രിന്റർ, കമ്പ്യൂട്ടർ എന്നിവ വാങ്ങുന്നതിന് ₹ 51298 കേരള സംസ്ഥാന ഐ.ടി മിഷന് മുൻകൂറായി നൽകിയിട്ടുണ്ട്. ( 22100979/ 19.03.2022) പ്രിന്റർ 20018, ലാപ്ടോപ്പ് - 31280 )

മുൻകൂർ തുക നൽകിയെങ്കിലും പ്രൊജക്ട് പ്രകാരമുള്ള പ്രിന്റർ നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. പ്രിന്റർ ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കമ്പ്യൂട്ടറിന് 31280 മുൻകൂർ നൽകിയെങ്കിലും വിതരണം ചെയ്ത ബില്ല് പ്രകാരം ഇതിന് 30077 രൂപ മാത്രമെ ചെലവ് വന്നിട്ടുള്ളൂ എന്ന് വ്യക്തമായി. ലഭിക്കാനുള്ള പ്രിന്റർ കൂടി ലഭിച്ചശേഷം മുൻകൂർ നൽകിയ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-23 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്കിലാണ് എഴുതി സൂക്ഷിക്കേണ്ടത്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
2. കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽത്തന്നെ തൻ വർഷത്തെ മുഴുവൻ വരവ് ചെലവുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തിയോ എന്ന് ഉറപ്പു വരുത്താനായിട്ടില്ല.
3. അസിസ്റ്റന്റ് എഞ്ചിനിയർ രസീത് മുഖേന പിരിച്ചെടുത്ത തുകയുടെ വിവരം കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
4. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് , ട്രഷറി അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.

കാഷ്ബുക്കിലെ മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് കാഷ്ബുക്ക് എഴുതി പൂർത്തീകരിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 21/31.10.2022 ) മറുപടി ലഭ്യമാക്കിയില്ല

## 1-24 ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല

2021-22 വർഷത്തിൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകിയ 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ ഉത്തരവനുസരിച്ച് അക്കൗണ്ട് ആരംഭിച്ചിട്ടും ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന് തനത് വരുമാനമായി ലഭിക്കേണ്ട പണം നാളിതുവരെ ലഭിക്കാത്തതിന് കാരണം .

ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിനും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക തിരികെ ലഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 22/ 31.10.2022 ) മറുപടി ലഭ്യമാക്കിയില്ല.

## 1-25 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചയാത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ

വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

പഞ്ചായത്തിൽ തൻവർഷം മാന്വൽ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽമേൽ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ടെണ്ടർ നടപടികളിലെ മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച്നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 23/ 31.10.2022 ) മറുപടി ലഭ്യമാക്കിയില്ല

## 1-26 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പദ്ധതി നടത്തിപ്പ്

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 132 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 109 പ്രൊജക്ടുകളിലായി ആകെ 21218964 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 132 | ആകെ അടങ്കൽ | 29859846 |
| നടപ്പിലാക്കിയത് | 108 | ചെലവ് | 21218964 |
| ശതമാനം | 81.80 | ചെലവ് ശതമാനം | 71.06 |

II)റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാ നം തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III)ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടേയും അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽപഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്റ്റ് രജിസ്റ്റർ , ടെണ്ടർ ഫോറം ഇഷ്യു രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഹാജറാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു

സെക്യൂരിറ്റി രജിസ്റ്റർ

പരിശോധനക്ക് ലഭ്യമാക്കിയ സെക്യൂരിറ്റി രജിസ്റ്ററിൽ സെക്യൂറ്റി സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ , സെക്യൂരിറ്റി കാലാവധി, പ്രവൃത്തിയുടെ ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് , സെക്യൂറ്റി തിരിച്ച നൽകേണ്ട കാലയളവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ടെണ്ടർരജിസ്റ്റർ

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായി വിവരങ്ങൾ എഴുതാതെയും , അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയുമാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

VI) പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 റോഡ് കോൺക്രീറ്റ് - ഫോം വർക്ക് നടത്താതെ ഫോം വർക്കിനുള്ള പണം നൽകി

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിന് ഫോം വർക്ക് ചെയ്യുന്നതിനുള്ള നിരക്ക് കൂടി ഉൾപ്പെടുന്നുണ്ട്. എന്നാൽ ഈ പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തി നടത്തിയിരിക്കുന്നത് ഫോം വർക്ക് ചെയ്യാതെയാണ് എന്ന് പരിശോധനയിൽ വ്യക്തമായി. ആയതിനാൽ ഈ പ്രവൃത്തികളിൽ കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്കിനുള്ള നിരക്ക് ഒഴിവാക്കിയ തുക മാത്രമെ കരാറുകാർക്ക് നൽകാവൂ.

GST പ്രൊവിഷൻ വകയിരുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് നൽകിയതും നൽകാവുന്നതുമായ നിരക്ക് താഴെ നൽകുന്നു

| | ഫോം വർക്കിനുള്ള തുക ഉൾപ്പെടെ ) | ഫോം വർക്ക് ഒഴിവാക്കി നൽകാവുന്ന നിരക്ക് |
|---|---|---|
| 2016 SOR പ്രകാരം 31.06% Cost Index | 7582.91/$m^3$ | 7291.26 /$M^3$ |
| 2018 SOR പ്രകാരം 36.44% Cost Index | 8358.28/$m^3$ | 8036.83/$m^3$ |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 19/ 29.10.2022 ) മറുപടി ലഭ്യമാക്കിയില്ല.
ഫോം വർക്ക് ചെയ്യാതെ നടത്തിയ കോൺക്രീറ്റ് പ്രവൃത്തിക്ക് ഫോം വർക്കിന് ആവശ്യമായ നിരക്ക് കൂടി അനുവദിച്ച് നൽകിയത് മൂലമുണ്ടായ അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

### 1-27-1 കാളപ്പൂട്ട്കണ്ടം മൈലാമ്പ്ര കോളനി റോഡ് പുനരുദ്ധാരണം ( 221/22 )

| ക്രമ നം | പ്രൊജക്ട് | കോൺക്രീറ്റ് അളവ് ($M^3$) | ചെലവിന്റെ വിവരം | | |
|---|---|---|---|---|---|
| | | | നൽകിയ തുക | നൽകാവുന്നത് | അധികം (Final Bill തയ്യാറാക്കുമ്പോൾ പരിമിതപ്പെടുത്തിയ തുക, ടെണ്ടർ കുറവ് എന്നിവ കുറവ് ചെയ്ത് , 12% GST നൽകിയത് ഉൾപ്പെടുത്തുകയും ചെയ്ത് തുക) |
| 1 | കരാറുകാരൻ -ശ്രീ അബ്ദുൽ നാസർ എം.പി<br>കരാർ - 98/AE/LID&EW /MVLR/21-22തി. 19.03.2022 ( 0.01% കുറവ് )<br>എം ബുക്ക് - 98/21-22<br>മൂല്യ നിർണ്ണയം - 282297.12 Ltd To 278245.77<br>ചെലവ് - 311604 ( 211510520417015O4738/ 29.03.2022 ) | 32.099 | 268292.43 @8358.28 | 257974.21 @8036.83/$m^3$ | 7018 [(10318-4051 )X99.99% X 112% } |

നഷ്ടത്തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

### 1-27-2 ഹിദായ നഗർ കഴിച്ചിക്കാട് റോഡ് പുനരുദ്ധാരണം ( 199/22 )

| ക്രമ നം | പ്രൊജക്റ്റ് | കോൺക്രീറ്റ് അളവ് ($M^3$) | ചെലവിന്റെ വിവരം | | |
|---|---|---|---|---|---|
| | | | നൽകിയ തുക | നൽകാവുന്നത് | അധികം (Final Bill തയ്യാറാക്കുമ്പോൾ പരിമിതപ്പെടുത്തിയ തുക, ടെണ്ടർ കുറവ് എന്നിവ കുറവ് ചെയ്ത് , 12% GST നൽകിയത് ഉൾപ്പെടുത്തുകയും ചെയ്ത് തുക) |
| | കരാറുകാരൻ - ശ്രീ സിദ്ദീഖ് എം.<br>കരാർ - 34/AE/LID&EW /MVLR/21-22തി. 04.12.2021 (Estimate)<br>എം ബുക്ക് - 42/21-22<br>മൂല്യ നിർണ്ണയം - 134315.25<br>ചെലവ് - 150433 ( 21151052041700958176/ 17.01.2022 ) | 16.466 | 124860.20<br>@7582.91 | 120057.89<br>@7291.26 | 5378<br>[(4802)x112% ] |

അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 1-27-3 കുടംപിലാക്കൽ എടക്കാട്ട് ഫുട്പാത്ത് ( 32/22)

| ക്രമ നം | പ്രൊജക്റ്റ് | കോൺക്രീറ്റ് അളവ് ($M^3$) | ചെലവിന്റെ വിവരം | | |
|---|---|---|---|---|---|
| | | | നൽകിയ തുക | നൽകാവുന്നത് | അധികം (Final Bill തയ്യാറാക്കുമ്പോൾ പരിമിതപ്പെടുത്തിയ തുക, ടെണ്ടർ കുറവ് എന്നിവ കുറവ് ചെയ്ത് , 12% GST നൽകിയത് ഉൾപ്പെടുത്തുകയും ചെയ്ത് തുക) |
| | SCP<br>കരാറുകാരൻ - ശ്രീ ബഷീർ കെ.എൻ<br>കരാർ - 51/AE/LID&EW /MVLR/21-22തി. 13.12.2021<br>എം ബുക്ക് - 59/21-22 (Estimate)<br>മൂല്യ നിർണ്ണയം - 178452.10 Ltd To 177861.93<br>ചെലവ് - 199205 ( 21151052041701347302/ 16.03.2022 ) | 13.471<br>(2/3 X 20.207) | 102149.38<br>@7582.91 | 98220.56<br>@7291.26 | 3740<br>[(3929-590)x112% ] |

അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 1-28 എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തിക്ക് പണം നൽകി.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ വള്ളിക്കാട്ട്കുണ്ട് കുളം നവീകരണം ( 122/22) എന്ന പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ഇനം 1 പ്രകാരം Stone Work Pointing ന് DSR 13.33.2 പ്രകാരമുള്ള Raised&cut Pointing നുള്ള നിരക്കാണ് നൽകിയത്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാനിദ്ധ്യത്തിൽ 29.10.2022 ന് പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചതിൽ DSR 13.33.1 പ്രകാരമുള്ള Flush&ruled Pointing പ്രവൃത്തി ആണ് ചെയ്തത് എന്ന് വ്യക്തമായി.

എസ്റ്റിമേറ്റ് പ്രകാരമല്ലാതെ ചെയ്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിൽ പണം നൽകിയത് മൂലമുള്ള നഷ്ടം താഴെ നൽകുന്നു.

| ക്രമ നം | പ്രൊജക്ട് | Pointing ചെയ്ത അളവ് ($M^2$) | ചെലവിന്റെ വിവരം | | |
|---|---|---|---|---|---|
| | | | നൽകിയ തുക 13.33.2 പ്രകാരം | നൽകാവുന്നത് 13.33.1 പ്രകാരം | അധികം (Final Bill തയ്യാറാക്കുമ്പോൾ പരിമിതപ്പെടുത്തിയ തുക, ടെണ്ടർ കുറവ് എന്നിവ കുറവ് ചെയ്ത് , 12% GST നൽകിയത് ഉൾപ്പെടുത്തുകയും ചെയ്ത് തുക) |
| 1 | വള്ളിക്കാട്ട്കുണ്ട് കുളം നവീകരണം ( 122/22)<br>കരാറുകാരൻ -ശ്രീ ബഷീർ കെ.എൻ<br>കരാർ - 83/AE/LID&EW /MVLR/20-21തി. 18.02.2021<br>എം ബുക്ക് - 7/21-22<br>മൂല്യ നിർണ്ണയം - 112501.82<br>ചെലവ് - 126002 ( 2115105204170084880 8/ 28.12.2021 ) | 114.53 | 45886.44<br>@400.65 | 25284.78<br>@220.77 | 23074<br>[( 20602 X 112% } |

പ്രവൃത്തിയുടെ പാർട്ട് ബിൽ നൽകിയതായാണ് എം ബുക്കിൽ രേഖപ്പെടുത്തിയത്. എന്നാൽ 18.08.2021 ന് അവസാന അളവ് രേഖപ്പെടുത്തിയ ശേഷം എം ബുക്കിൽ പിന്നീട് പ്രവൃത്തി ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചു എന്നും എം ബുക്കിൽ ( പേജ് 18) രേഖപ്പെടുത്തിയിട്ടുണ്ട്.

അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 20/ 29.10.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-29 ഹരിത കർമ്മസേന - പ്രവർത്തനാവലോകനം

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്ന് കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം, എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ മുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന - തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യക്തി മുദ്ര പതിപ്പിക്കുന്ന ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

മുതുവല്ലൂർ ഗ്രാമ പഞ്ചാത്തിലെ ഹരിത കർമ്മസേന പ്രവർത്തനം 2019 നവംബറിലാണ് ആരംഭിച്ചത്. നിലവിൽ 26 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. പ്രാരംഭ കാലത്ത് 32 പേർ ഹരിത കർമ്മസേന അംഗങ്ങളായി ഉണ്ടായിരുന്നെങ്കിലും, നിലവിൽ 26 അംഗങ്ങളായി കുറഞ്ഞു. 15 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ 3 മാസത്തിൽ

ഒരിക്കലാണ് വീട് കയറിയുള്ള മാലിന്യ ശേഖരണം നടക്കുന്നത്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. ഇത് കൂടാതെ മാലിന്യങ്ങൾ തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുമ്പാൾ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം.

എം.സി.എഫ് കെട്ടിടത്തിന്റെ വാടക, വാഹന വാടക, അജൈവ മാലിന്യങ്ങൾ എടുക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് നൽകുന്ന ചാർജ്, ഹരിത കർമ്മസേന അംഗങ്ങളുടെ വേതനം എന്നിവയാണ് പ്രധാന ചെലവ് ഇനങ്ങൾ. 300/- രൂപയാണ് ഹരിത കർമ്മസേന അംഗങ്ങളുടെ പ്രതിദിന വേതനം. പ്രാരംഭ ഘട്ടത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് തുക തികയാതെ വരുന്ന സന്ദർഭങ്ങളിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചിരുന്നു. 2021-22 വർഷത്തിലും വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി 229880/- രൂപ ഗ്യാപ് ഫണ്ട് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. (പ്രൊജക്റ്റ് നമ്പർ 211/22) നിലവിലും ഗ്യാപ് ഫണ്ട് അനുവദിക്കാതെ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക സ്വയം കണ്ടെത്തുന്നതിന് സാധിച്ചിട്ടില്ല.

മാലിന്യങ്ങൾ വേർതിരിക്കുന്നതിനുള്ള എം.സി.എഫ് (മെറ്റീരിയൽ സംഭരണ കേന്ദ്രം) പ്രവർത്തനം നടക്കുന്നത് ഗ്രാമ പഞ്ചായത്ത് വാടകക്ക് എടുത്ത കെട്ടിടത്തിലാണ്. കൂടുതൽ മാലിന്യങ്ങൾ വേർതിരിച്ചെടുക്കുന്നതിന് ഉതകുന്ന സൗകര്യങ്ങൾ മേൽ എം.സി.എഫിൽ ഇല്ല. എം.സി.എഫിനായി സ്വന്തം കെട്ടിട സൗകര്യം ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ 2.4 പ്രകാരം ഓരോ മാസത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ നടത്തേണ്ടതാണ്. 2021-22 വർഷത്തെ മിനട്സ് ബുക്ക് പരിശധിച്ചതിൽ എല്ലാ മാസങ്ങളിലും യോഗങ്ങൾ ചേർന്നതായി കാണുന്നില്ല. മാർഗ്ഗരേഖ 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, മാലിന്യങ്ങൾ ക്ലീൻ കേരള ക്ക് വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് വരുമാനം. മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.

2021-22 വർഷത്തിൽ ചുവടെ ചേർക്കും പ്രകാരം ഗ്രാമപഞ്ചായത്തിന് ഹരിത കർമ്മസേന പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | തുക |
|---|---|
| അജൈവ മാലിന്യം വാർഡുകളിൽ നിന്ന് MCF ലേക്ക് എത്തിച്ചതിന് വണ്ടി വാടക | 61,440 |
| MCF കെട്ടിടത്തിന്റെ വാടക | 84,072 |
| വെയിംഗ് മെഷീൻ വാങ്ങിയത് | 10,030 |
| അജൈവ മാലിന്യങ്ങൾ എടുക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് നൽകിയ ചാർജ് | 1,92,461 |
| വയബിലിറ്റി ഗ്യാപ് ഫണ്ട് | 2,29,880 |
| ആകെ | 5,77,883 |

ഹരിത കർമ്മസേന പ്രവർത്തനങ്ങൾക്ക് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ / പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനായി ഹരിത കേരള മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സോഫ്റ്റ് വെയർ പദ്ധതിക്ക് തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 20.10.2020 ലെ ജി.ഒ (ആർ.ടി) 1967/2020/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചിരുന്നു.

തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ നിർമാർജ്ജന പ്രക്രിയക്ക് ആക്കം കൂട്ടാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സ്മാർട്ട് ഗാർബേജ് എന്ന പേരിൽ ആപ്ലിക്കേഷൻ രംഗത്തിറക്കാൻ സംസ്ഥാന തലത്തിൽ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഹരിത കേരള മിഷൻ ജില്ലാ കോ ഓർഡിനേറ്ററുടെ 28.10.2021 ലെ NKP/1/HKM-WC/13/2021 കത്ത് പ്രകാരം ഈ ആപ്പിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ആദ്യഘട്ടത്തിൽ മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

മേൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനക്ക് സ്മാർട്ട് ഫോൺ, തദ്ദേശ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ്പ് (50,000 രൂപ), കെൽട്രോണിന് സർവീസ് ചാർജ് (1,35,700 രൂപ), QR കോഡ് തുക (12,000 രൂപ), SMS തുക (7,200 രൂപ) എന്നിവക്കായി ആകെ 2,04,900/- രൂപ നീക്കിവെക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായിരുന്നു. (തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 18.11.2021 ലെ ജി.ഒ (ആർ.ടി) 2307/2021/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്)

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തൻ വർഷം പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി, കെൽട്രോണിന് സർവീസ് ചാർജ് ഇനത്തിൽ 1,35,700 രൂപയും, SMS തുക ഇനത്തിൽ 7,200 രൂപയും ഉൾപ്പെടെ 1,42,900 രൂപ നൽകിയിട്ടുണ്ട്. (പ്രൊജക്റ്റ് നമ്പർ / പേര് : 243/22 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം,

അടങ്കൽ തുക : 2,04,900, ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ്, വൗച്ചർ നമ്പർ / തിയ്യതി : 22100985/22.03.2022) 15.03.2022 ന് സെക്രട്ടറിയും, കെൽട്രോണും, ശുചിത്വ മിഷൻ ജില്ലാ കോ ഓർഡിനേറ്ററും തമ്മിൽ ട്രൈപാർട്ടി കരാറിൽ ഒപ്പ വെച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തന സജ്ജമായിട്ടില്ല.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ വീടുകളിലും ക്യു.ആർ കോഡ് പതിപ്പിക്കുന്ന ജോലി പൂർത്തീകരിച്ചു. തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് കോൺക്രീറ്റ് - ഫോം വർക്ക് നടത്താതെ ഫോം വർക്കിനുള്ള പണം നൽകി

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിന് ഫോം വർക്ക് ചെയ്യുന്നതിനുള്ള നിരക്ക് കൂടി ഉൾപ്പെടുന്നുണ്ട്. എന്നാൽ ഈ പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തി നടത്തിയിരിക്കുന്നത് ഫോം വർക്ക് ചെയ്യാതെയാണ് എന്ന് പരിശോധനയിൽ വ്യക്തമായി. ആയതിനാൽ ഈ പ്രവൃത്തികളിൽ കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്കിനുള്ള നിരക്ക് ഒഴിവാക്കിയ തുക മാത്രമെ കരാറുകാർക്ക് നൽകാവൂ.

GST പ്രൊവിഷൻ വകയിരുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് നൽകിയതും നൽകാവുന്നതുമായ നിരക്ക് താഴെ നൽകുന്നു

| | ഫോം വർക്കിനുള്ള തുക ഉൾപ്പെടെ ) | ഫോം വർക്ക് ഒഴിവാക്കി നൽകാവുന്ന നിരക്ക് |
|---|---|---|
| 2016 SOR പ്രകാരം 31.06% Cost Index | 7582.91/$m^3$ | 7291.26 /$M^3$ |
| 2018 SOR പ്രകാരം 36.44% Cost Index | 8358.28/$m^3$ | 8036.83/$m^3$ |

ഫോം വർക്ക് ചെയ്യാതെ നടത്തിയ കോൺക്രീറ്റ് പ്രവൃത്തിക്ക് ഫോം വർക്കിന് ആവശ്യമായ നിരക്ക് കൂടി അനുവദിച്ച് നൽകിയതുമൂലമുണ്ടായ അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| ക്രമ നം | പ്രൊജക്ട് | കോൺക്രീറ്റ് അളവ് ($M^3$) | ചെലവിന്റെ വിവരം | | |
|---|---|---|---|---|---|
| | | | നൽകിയ തുക | നൽകാവുന്നത് | അധികം (Final Bill തയ്യാറാക്കുമ്പോൾ പരിമിതപ്പെടുത്തിയ തുക, ടെണ്ടർ കുറവ് എന്നിവ കുറവ് ചെയ്ത് , 12% GST നൽകിയത് ഉൾപ്പെടുത്തുകയും ചെയ്ത് തുക) |
| 1 | കാളപ്പൂട്ട്കണ്ടം മൈലാമ്പ്ര കോളനി റോഡ് പുനരുദ്ധാരണം ( 221/22 )<br>കരാറുകാരൻ -ശ്രീ അബ്ദുൽ നാസർ എം.പി<br>കരാർ - 98/AE/LID&EW /MVLR/21-22തി. | 32.099 | 268292.43<br>@8358.28 | 257974.21<br>@8036.83/$m^3$ | 7018<br>[(10318-4051 )X99.99% X 112% } |

| | | | | | |
|---|---|---|---|---|---|
| | 19.03.2022 ( 0.01% കുറവ് )<br>എം ബുക്ക് - 98/21-22<br>മൂല്യ നിർണ്ണയം - 282297.12 Ltd To 278245.77<br>ചെലവ് - 311604 ( 21151052041701504738/ 29.03.2022 ) | | | | |
| 2 | ഹിദായ നഗർ കഴിച്ചിക്കാട് റോഡ് പുനരുദ്ധാരണം ( 199/22 )<br>കരാറുകാരൻ - ശ്രീ സിദ്ദീഖ് എം.<br>കരാർ - 34/AE/LID&EW /MVLR/21-22തി. 04.12.2021<br>എം ബുക്ക് - 42/21-22<br>മൂല്യ നിർണ്ണയം - 134315.25<br>ചെലവ് - 150433 ( 21151052041700958176/ 17.01.2022 ) | 16.466 | 124860.20<br>@7582.91 | 120057.89<br>@7291.26 | 5378<br>[(4802)x112% ] |
| | കുടംപിലാക്കൽ എടക്കാട്ട് ഫുട്പാത്ത് ( 32/22) SCP<br>കരാറുകാരൻ - ശ്രീ ബഷീർ കെ.എൻ<br>കരാർ - 51/AE/LID&EW /MVLR/21-22തി. 13.12.2021<br>എം ബുക്ക് - 59/21-22<br>മൂല്യ നിർണ്ണയം - 178452.10 Ltd To 177861.93<br>ചെലവ് - 199205 ( 21151052041701347302/ 16.03.2022 ) | 13.471<br>(2/3 X 20.207) | 102149.38<br>@7582.91 | 98220.56<br>@7291.26 | 3740<br>[(3929-590)x112% ] |

അധികം നൽകിയ തുക 16136 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-2 എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തിക്ക് പണം നൽകി.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ വള്ളിക്കാട്ട്കുണ്ട് കുളം നവീകരണം ( 122/22) എന്ന പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ഇനം 1 പ്രകാരം Stone Work Pointing ന് DSR 13.33.2 പ്രകാരമുള്ള Raised&cut Pointing നുള്ള നിരക്കാണ് നൽകിയത്. എന്നാൽ പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചതിൽ DSR 13.33.1 പ്രകാരമുള്ള Flush&ruled Pointing പ്രവൃത്തി ആണ് ചെയ്തത്.

എസ്റ്റിമേറ്റ് പ്രകാരമല്ലാതെ ചെയ്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിൽ പണം നൽകിയതുമൂലമുള്ള നഷ്ടം താഴെ നൽകുന്നു.

| ക്രമ നം | പ്രൊജക്ട് | Pointing ചെയ്ത അളവ് | ചെലവിന്റെ വിവരം | | |
|---|---|---|---|---|---|
| | | | നൽകിയ തുക | നൽകാവുന്നത് | അധികം (Final Bill തയ്യാറാക്കുമ്പോൾ |

| | | | | | |
|---|---|---|---|---|---|
| | | ($M^2$) | 13.33.2 പ്രകാരം | 13.33.1 പ്രകാരം | പരിമിതപ്പെടുത്തിയ തുക, ടെണ്ടർ കുറവ് എന്നിവ കുറവ് ചെയ്ത് , 12% GST നൽകിയത് ഉൾപ്പെടുത്തുകയും ചെയ്ത് തുക) |
| 1 | വള്ളിക്കാട്ട്കുണ്ട് കുളം നവീകരണം ( 122/22)<br>കരാറുകാരൻ -ശ്രീ ബഷീർ കെ.എൻ<br>കരാർ - 83/AE/LID&EW /MVLR/20-21തി. 18.02.2021<br>എം ബുക്ക് - 7/21-22<br>മൂല്യ നിർണ്ണയം - 112501.82<br>ചെലവ് - 126002 ( 21151052041700848808/ 28.12.2021 ) | 114.53 | 45886.44 @400.65 | 25284.78 @220.77 | 23074 [( 20602 X 112% } |

പ്രവൃത്തിയുടെ പാർട്ട് ബിൽ നൽകിയതായാണ് എം ബുക്കിൽ രേഖപ്പെടുത്തിയത്. എന്നാൽ 18.08.2021 ന് അവസാന അളവ് രേഖപ്പെടുത്തിയ ശേഷം മേൽ പ്രവൃത്തി എം ബുക്കിൽ പിന്നീട് പ്രവൃത്തി ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ച എന്നും എം ബുക്കിൽ ( പേജ് 18) രേഖപ്പെടുത്തിയിട്ടുണ്ട്.

അധികം നൽകിയ തുക 23074 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2021-22 | 26-10-2022 മുതൽ 27-10-2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 513675 | പ്രൊജക്റ്റ് നമ്പർ: 1/22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ. | 513675 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 643250 | പ്രൊജക്റ്റ് നമ്പർ: 1/22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ. | 643250 | 0 |
| | 1670000 | പ്രൊജക്റ്റ് നമ്പർ:63/22 ലൈഫ് ഭവന പദ്ധതി എസ് സി | 1670000 | 0 |

| | | | | |
|---|---|---|---|---|
| | 860000 | പ്രൊജക്ട് നമ്പർ:193/22 ലൈഫ് ഭവന പദ്ധതി എസ് സി | 860000 | 0 |
| | 500000 | പ്രൊജക്ട് നമ്പർ:164/22 മൃഗാശുപത്രിക്ക് കെട്ടിടം | 500000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (Sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ | GO(Rt)5206/21/fin Dtd 30-07-2021 GO(Rt)22/2022 /Fin Dtd 1-1-2022 | 0 | 1073494 | 366666 | 0 | 706828 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തില മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം 3 | വസ്തുനികുതി സംബന്ധിച്ച് | 04.09.18 ലെ ബി4-3110/18 പ്രകാരം മറുപടി നൽകി |
| | 2-2 | | അനുബന്ധം 4 | തൊഴിൽനികുതി സംബന്ധിച്ച് | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74863022 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73012819 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39210 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവര

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | , | 16136 | ശ്രീമതി ബിനിത എസ്, അസിസ്റ്റന്റ് എഞ്ചിനിയർ, |
| 3-2 | | 23074 | ശ്രീമതി ബിനിത എസ് , അസിസ്റ്റന്റ് എഞ്ചിനിയർ, |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ( ഓഡിറ്റ് നടന്ന സമയത്തെ ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ബിനിത.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | സസ്പെൻഷൻ | ചിറയിൽ തെക്കയിൽ വീട്, പേരൂർ, TKMC (PO), കൊല്ലം -691005 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 1 |
| 2008-09 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 1 |
| 2009-10,10-11 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 7 |

| | | |
|---|---|---|
| 2011-12,2012-13 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 2 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം9/2554/2018 തി : 6-03-2019 | 3 |
| 2015-16 | കെ.എസ്.എ.എം.പി.എം.9/2555/2018 തി: 07.03.2019 | 3 |
| 2016-17 | കെ.എസ്.എ.എം.പി.എം.9/56/2022തി: 09.05.2022 | 1 |
| 2017-18 | കെ.എസ്.എ.എം.പി.എം.9/55/22 തി. 9.5.2022 | 7 |
| 2018-19 | കെ.എസ്.എ.എം.പി.എം.9/59/22തി. 25.3.2022 | 4 |
| 2019-20 | കെ.എസ്.എ.എം.പി.എം.9/2268/2021തി. 9-5-22 | 22 |
| 2020-21 | കെ.എസ്.എ.എം.പി.എം.9/59/2022തി. 9-5-22 | 7 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്